കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:-ddhglfalpy@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.1-27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com
തീയതി. 16.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.1-27/2017 തീയതി. 16.01.2017

## ആലപ്പുഴജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2015 മുതൽ 30.11.2016. തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടു ത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12 .2016 മുതൽ 06.01.2017വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.എം.പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ജെസ്സി | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| 2 | ശ്രീ. ജോർജ്ജ് മാത്യു, പഞ്ഞിമരം | 19.11.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.റ്റി.എസ്.എസ്.നാഗരാജ് | 01.04.2015മുതൽ 31.3.2016 വരെ |

(ബി) നിർവ്വഹണാധികാരികൾ

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ആനി മാത്യു | 1.04.2015 മുതൽ 31.3.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി.റാണി ഗോപിനാഥ് | 1.4.2015 മുതൽ 31.03.2016 വരെ |
| 3 | വി.ഇ.ഒ, തെക്കേക്കര | ശ്രീമതി.പി.സുമ | 1.4.2015 മുതൽ 31.03.2016 വരെ |
| | വി.ഇ.ഒ, ചമ്പക്കുളം | ശ്രീ.കെ.ബി. അജയകുമാർ | 01.4.2015 മുതൽ 31.3.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി ചമ്പക്കുളം | ഡോ.ജയലക്ഷ്മി ജയപ്രകാശ് | 1.04.2015 മുതൽ 31.3.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. ചിന്നദുരൈ | 01.4.2015 മുതൽ 31.3.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. നിഷ | 01.4.2015 മുതൽ 01.6.2015 വരെ |
| | | ഡോ. സ്മിത.എം.നായർ | 02.6.15 മുതൽ 31.3.16 വരെ |
| 7 | ഹെഡ് മാസ്റ്റർ,<br>ഗവ.എൽ.പി.എസ്,<br>ആറ്റുവാത്തല | ശ്രീ.റ്റി.മനു | 01.04.15 മുതൽ 31.03.2016 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. ദേവി രാമചന്ദ്രൻ | 01.4.2015 മുതൽ 04.10.2015 വരെ |
| | | ശ്രീമതി.ഓമന | 05.10.2015 മുതൽ 31.1.2016 വരെ |
| | | ശ്രീമതി. ദേവി രാമചന്ദ്രൻ | 01.2.16 മുതൽ 31.3.16 വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആർ.സുജാത | 01.04.2015 മുതൽ 31.3.2016 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജാദേവി.എസ്. | 1.04.2015 മുതൽ 31.3.2016 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സാജുമോൻ പത്രോസ് | 1.04.2015 മുതൽ 31.3.2016 വരെ |

<u>ഉള്ളടക്കം :</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 4 | ഡി&ഓ ലൈസൻസ് ഫീ – അപാകതകൾ | 2-3 |
| | ഭാഗം 3 | |
| 5 | റീ ടെണ്ടർ നടത്തി ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങിയത് | 3-1 |
| 6 | മീഡിയാശ്രീ – പദ്ധതി പൂർത്തീകരിച്ചില്ല | 3-2 |
| 7 | അഗതി ആശ്രയ പദ്ധതി-അപാകതകൾ | 3-3 |
| 8 | ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക് നിർണ്ണയിച്ചത് | 3-4 |
| 9 | മൂല്യ നിർണ്ണയത്തിലെ പിശക് മൂലം നഷ്ടം | 3-5 |
| 10 | ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന മരാമത്ത് വേലകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നില്ല. | 3-6 |
| 11 | 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ പി.സി.സി ചെയ്യുന്ന വേലകൾക്ക് സെന്ററിംഗ് & ഷട്ടറിംഗ് അനുവദിച്ചത് മൂലം അധികചെലവ് | 3-7 |
| | ഭാഗം – 4 | |
| 12 | വാർഷിക കണക്ക് പരിശോധന – അപാകതകൾ | 4-1 |
| 13 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 14 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 15 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 16 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 17 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 18 | ഓഡിറ്റ് റിക്കവറി | 4-7 |
| 19 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 20 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 21 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 22 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21-03-2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 8,52,20,000/-രൂപയും, ചെലവ് 8,44,12,900/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് ചെലവുകൾ പ്രതീക്ഷിത വരവ് ചെലവിൽ നിന്നും തുലോം ഭിന്നമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 07.06.2016 |

### 1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4. സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 12252841 |
| വരവ് | : | 28374816 |
| ആകെ | : | 40627657 |
| ചെലവ് | : | 34923530 |
| നീക്കിയിരിപ്പ് | : | 5704127 |

## 1-5. ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കിട്ടിയ തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയ തുക | തിരിച്ചടച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6(2+3+5) | 7 | 8 | 9 | 10 |
| വികസനഫണ്ട് പൊതുവിഭാഗം | 248762 | 4556851 | 7318097 | 2367343 | 7172956 | 6317099 | 00 | 855857 | 00 |
| വികസനഫണ്ട് എസ്.സി.പി. | 790568 | 00 | 2341074 | 328809 | 1119377 | 841304 | 278073 | 00 | 00 |
| വികസനഫണ്ട് ടി.എസ്.പി. | 00 | 00 | 00 | 00 | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 333903 | 00 | 1896999 | 829064 | 1162967 | 1162967 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1824836 | 00 | 2646000 | 2415433 | 4240269 | 4240269 | 00 | 00 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 604344 | 00 | 4521223 | 4296097 | 4900441 | 3375160 | 1525281 | 00 | 00 |
| പെർഫോമൻസ് ഗ്രാന്റ് | 2753497 | 00 | 2706609 | 2706609 | 5460106 | 2706609 | 2753497 | 00 | 00 |
| എം.എൻ.ആർ.ഇ.ജി.എസ്. | 87709 | 00 | | 17764878 | 17852587 | 17847182 | 00 | 00 | 5405 |
| ബി ഫണ്ട് | 00 | 00 | 16749419 | 16749419 | 16749419 | 16749419 | 00 | 00 | 00 |

## 1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 33138879 | 106 | 20038991 | 17 | 8 | 80.91 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. ചേനാവള്ളിച്ചിറ കുളിക്കടവ് നിർമ്മാണം
2. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് എക്സ്റ്റെൻഷൻ
3. ഗ്രാമ കേന്ദ്രങ്ങളുടെ ചെലവ്.
4. പൊതു സ്മശാനം അറവുശാല സ്ഥലം വാങ്ങൽ
5. എസ്.സി യുവതീ യുവാക്കൾക്ക് പ്രീ- റിക്രൂട്ടമെന്റ്
6. ആറുപറ പാലം മുതൽ ആറ്റിറമ്പ് വരെ വഴി മണ്ണിട്ടുയർത്തൽ
7. തുമ്പയിൽ മുതൽ മാധവ മന്ദിരം വരെ നടപ്പാത
8. I.K.M വിഹിതം

## 1-7. തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.42% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം ( +) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4118033 | 3634331 | -483702 | -11.74 |
| നികുതിയേതര വരവുകൾ | 365647 | 901301 | 535654 | +146.49 |
| മറ്റുവരവുകൾ | 85284 | 189765 | 104481 | +122.5 |
| ആകെ | 4568964 | 4725397 | 156433 | +3.42 |

### 1-8. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 203280 | 224 |
| കർഷകതൊഴിലാളി പെൻഷൻ | 6608070 | 1052 |
| വിധവാപെൻഷൻ | 2846600 | 382 |
| വാർദ്ധക്യകാലപെൻഷൻ | 3942030 | 707 |
| വികലാംഗപെൻഷൻ | 1584245 | 197 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ | 267560 | 32 |

| | | |
|---|---|---|
| അമ്മമാർക്കുള്ള ധനസഹായം | | |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 315/- രൂപ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10. ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനമായ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീ എന്നിവ കൃത്യമായി പിരിച്ചെടുക്കാത്തതുമൂലം തനതു വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 11/2016 വരെ | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.3.2016 | 2010-11 മുതൽ 2014-15 വരെ | 11.05.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് മൊബൈൽ ടവറുകൾ 2010-11 വർഷം അസ്സസ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഈടാക്കിയതായി കാണുന്നില്ല. ഡിമാൻറ് നോട്ടീസ് അയച്ച തിയതി , നാളിതുവരെ ഈടാക്കിയ നികുതി എന്നിവയുടെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിനമ്പർ 10 ന് മറുപടി ലഭ്യമാക്കിയില്ല . ആയതിനാൽ നാളിതുവരെയുള്ള നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015 -15 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ. 11 ) മറുപടി ലഭിച്ചില്ല.

1. ചമ്പക്കുളം ഈസ്റ്റ് പോസ്റ്റോഫീസ് - രണ്ടാം പകുതി
2. മൂത്തൂറ്റ് ഫിനാൻസ്
3. കുട്ടനാട് താലൂക്ക് ഗവൺമെൻറ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി
4. പഞ്ചായത്ത് പരിധിയിലുള്ള കള്ളുഷാപ്പുടമകൾ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, റേഷൻ കടയുടമകൾ

ടി സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-3 ഡി ആൻറ് ഓ ലൈസൻസ് അപാകതകൾ

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2014 -15 വർഷം പ്രവർത്തിച്ചിരുന്നതും, ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളതുമാണ്. എന്നാൽ 2015 – 16 വർഷം ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെമേൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | പി. ജഗന്നാഥൻ, റൂം നം 11 / 232 | കൊയ്ത്തുമെഷീൻ, സ്പെയർ പാർട്ട്സ് കച്ചവടം |
| 2 | മജീഷ്. എം. ആർ, മാമ്പറമ്പിൽ | ഇല്ക്ട്രിക്കൽ സാധനങ്ങളുടെ വിൽപ്പന |
| 3 | സോമശേഖരൻ നായർ<br>ലേഖാസദനം, തെക്കേക്കര | റസ്റ്റോറന്റ് |
| 4 | സിന്ധു എം. വി, മുളമൂട്ടിൽച്ചിറ | ഗാർമെന്റ്സ് |
| 5 | എം. കെ. സലീംകുമാർ, മാത്തംപറമ്പിൽ | സോമിൽ |
| 6 | ജി. രാജേഷ്, തെക്കേക്കര | ലേഡീസ് സ്റ്റോർ |
| 7 | വിശാലാക്ഷി. എ. എസ്, പൂപ്പള്ളിൽ | ലേഡീസ് സ്റ്റോർ, ഫാൻസി സ്റ്റോർ |
| 8 | മാത്യു, കിഴക്കേതലയ്ക്കൽ | സ്റ്റേഷനറി കട |
| 9 | റെജി തോമസ്, പുത്തൻപറ | തടി, വർക് ഷോപ്പ് |
| 10 | സന്തോഷ് ജോസഫ്<br>കൊച്ചുമഠത്തിൽപറമ്പ് | അലൂമിനിയം മെറ്റീരിയൽസ് വിൽപ്പന |
| 11 | സോണി. എസ്, പൂരയ്ക്കൽ | ലോഡ്ജിംഗ് |
| 12 | മധുക്കുട്ടൻ, കിഴക്കേഅറ്റം | വെൽഡിംഗ് വർക് ഷോപ്പ് |

കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 22(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനങ്ങൾക്ക് വിരുദ്ധമായും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസ് പുതുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റീ ടെന്റർ നടത്തി ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങിയതിനാൽ നഷ്ടം- 37484/-രൂപ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ അംഗൻവാടികൾക്ക് ഫർണീച്ചർ വാങ്ങൽ (പ്രോജക്ട് നം. S020/2016), അംഗൻവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ (പ്രോജക്ട് നം. S025/2016) എന്നീ പ്രോജക്ടുകൾക്ക് ആദ്യ ടെണ്ടർ റദ്ദാക്കി പുനർ ടെണ്ടർ നടത്തി ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങി.

മേൽ പറഞ്ഞ പ്രോജക്ടുകൾക്ക് സാധനങ്ങൾ വാങ്ങുന്നതിനായി ആദ്യ ടെണ്ടർ ക്ഷണിച്ചപ്പോൾ നാല് സ്ഥാപനങ്ങൾ വീതം ടെണ്ടർ സമർപ്പിച്ചിരുന്നു. ഇവർ ഓരോ ഇനങ്ങൾക്കും വിവിധ സ്പെസിഫിക്കേഷനുകൾ കാണിച്ച് വിവിധ വിലകളും ക്വാട്ട് ചെയ്തിരുന്നു. തുടർന്ന് റീ ടെണ്ടർ നടത്തിയപ്പോൾ ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം രണ്ട് ആയി കുറഞ്ഞു. മാത്രമല്ല വില ഉയരുകയും ചെയ്തു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. അംഗൻവാടികൾക്ക് ഫർണീച്ചർ വാങ്ങൽ.
   ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി ആലപ്പുഴ അഫ്സൽ മെറ്റൽസിൽ നിന്നാണ് ഫർണീച്ചറുകൾ വാങ്ങിയത്. അഫ്സൽ മെറ്റൽസ് ആദ്യ ടെണ്ടർ പ്രകാരം ഓരോ ഇനത്തിനും ക്വാട്ട് ചെയ്തിട്ടുള്ള ഉയർന്ന വിലയും (വിവിധ സ്പെസിഫിക്കേഷൻ പ്രകാരം) ഈ സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഓരോ ഇനങ്ങളുടെ വിലയും താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം/എണ്ണം | ആദ്യ ടെണ്ടറിൽ ക്വാട്ട് ചെയ്ത വില | വാങ്ങിയ വില | കൂടുതൽ | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | സ്റ്റീൽ അലമാര (16ഗേജ്) – 6 | 4380 | 4580 | 200 | 1200 |
| 2 | സ്റ്റീൽ ടേബിൾ (16 ഗേജ്)18 | 3200 | 3380 | 180 | 3240 |
| 3 | പി.വി.സി.ചെയർ വലുത് 270 | 320 | 345 | 25 | 6750 |
| 4 | പി.വി.സി.ചെയർ ചെറുത് 180 | 120 | 155 | 35 | 6300 |
| | ആകെ | | | | 17490 |

   അഫ്സൽ മെറ്റൽസിൽ നിന്നും വാങ്ങിയ സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ എന്നിവയുടെ ഗേജ് കാണിക്കാതെയാണ് ബില്ല് നല്കിയിട്ടുള്ളത്.ഗേജിൽ ഉണ്ടാകുന്ന വ്യത്യാസം മൂലം വില കുറയാവുന്നതാണ്. ആദ്യ ടെണ്ടർ പരിഗണിക്കാതെ രണ്ടാം ടെണ്ടർ പ്രകാരം വില നൽകിയതിനാൽ 17490/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

2. അംഗൻവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ.
   ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി KICO ബിസിനസ് കോർപ്പറേഷനിൽ നിന്നും വിവിധ പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആദ്യ ടെന്റർ പ്രകാരം ഓരോ ഇനത്തിനും ഈ സ്ഥാപനം ഓരോ സ്പെസിഫിക്കേഷനിലും വിവിധ വില ക്വാട്ട് ചെയ്തതിൽ ഏറ്റവും ഉയർന്ന വിലയേക്കാൾ അധികം നൽകിയാണ് രണ്ടാം ടെണ്ടർ പ്രകാരം ഈ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | ഇനം / എണ്ണം | ആദ്യ ടെണ്ടറിൽ ക്വാട്ട് ചെയ്ത വില | വാങ്ങിയ വില | കൂടുതൽ | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ധാന്യ സംഭരണി/ 36 | 1247 | 1493 | 246 | 8856 |
| 2 | പായ/ 90 | 169 | 198 | 29 | 2610 |
| 3 | കിച്ചൺ സ്റ്റാന്റ് /7 | 2249 | 2590 | 341 | 2387 |
| 4 | പ്രഷർ കുക്കർ / 18 | 2349 | 2485 | 136 | 2448 |
| 5 | ഉരുളി /18 | 649 | 745 | 96 | 1728 |
| 6 | സ്റ്റീൽ ഗ്ലാസ് /360 | 12 | 13 | 1 | 360 |
| 7 | സ്റ്റീൽ പ്ളേറ്റ് 345 | 59 | 60 | 1 | 345 |
| 8 | ചിരവ /18 | 94 | 100 | 6 | 108 |
| 9 | തവി /36 | 74 | 79 | 5 | 180 |
| 10 | ബക്കറ്റ് /18 | 414 | 425 | 11 | 198 |
| 11 | ചരുവം /18 | 220 | 249 | 29 | 522 |
| 12 | ചട്ടകം /18 | 94 | 100 | 6 | 108 |
| 13 | കലം 18 | 387 | 395 | 8 | 144 |
| | ആകെ | | | | 19994 |

ആദ്യ ടെണ്ടർ അംഗീകരിക്കാതെ റീ ടെണ്ടർ നടത്തുകയും ആദ്യ ടെണ്ടറിൽ ക്വാട്ട് ചെയ്ത വില പരിഗണിക്കാതെ ഉയർന്ന വിലയ്ക്ക് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തതിനാൽ ഈ ഇനത്തിൽ 19994/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

മുകളിൽ കാണിച്ചിട്ടുള്ള അപാകതകൾ കണക്കിലെടുത്ത് രണ്ട് പ്രോജക്ടുകളിലായി 37484/- (17490+19994) രൂപ അധിക ചെലവ് വന്നിട്ടുള്ളത് ICDS സൂപ്പർവൈസറുടെ ബാധ്യതയായി കണക്കാക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ICDS സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത് പ്രോജക്ടിൽ ഓരോ ഇനങ്ങൾക്കും സ്പെസിഫിക്കേഷൻ വച്ചിരുന്നില്ലായെന്നും, ആദ്യ ടെണ്ടറിൽ സ്ഥാപനങ്ങൾ സ്പെസിഫിക്കേഷൻ വച്ചിരുന്നു എന്നും ഇതിൽ നിന്നും തെരഞ്ഞെടുക്കുന്നത് ബുദ്ധിമുട്ടായതിനാലാണ് റീ ടെണ്ടർ നടത്തിയെന്നുമാണ്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കാരണം റീ ടെണ്ടർ വച്ചപ്പോൾ ഈ സ്ഥാപനങ്ങൾ ഓരോ ഇനങ്ങൾക്കും ക്വാട്ട് ചെയ്തിരുന്ന വില ആദ്യ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന വിലയേക്കാൾ കുടുന്നില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല. ഈ തുക അധികചെലവിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 മീഡിയാശ്രീ പദ്ധതി പൂർത്തീകരിച്ചില്ല

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും, വർത്തമാനങ്ങളും, പദ്ധതികളും, ഭരണസമിതിയുടെ നേട്ടങ്ങളും മറ്റും ഉൾപ്പെടുത്തി ഡോക്യുമെന്ററി ചിത്രം പുറത്തിറക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്ടിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷന്റെ കോ-ഓർഡിനേറ്ററുമായി 15-9-2015ൽ കരാർ വച്ചിട്ടുണ്ട് (കരാർ നം.1/2015-16) കരാർ പ്രകാരം ഡോക്യുമെന്ററി ചിത്രത്തിന്റെ തിരക്കഥ, പദ്ധതി തുക എന്നിവ കുടുംബശ്രീ മിഷന് നൽകുകയും ഡോക്യുമെന്ററി ചിത്രീകരണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ടെന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ഇതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കുകയും (പ്രോജക്ട് നം. 104/16) ബിൽ നം.1/16-9-2015 പ്രകാരം 65000/- രൂപ പിൻവലിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുകയും ചെയ്തു. കരാർ പ്രകാരം ഡോക്യുമെന്ററി ചിത്രീകരണത്തിന് ആവശ്യമായ തുക ലഭിച്ചതിനു ശേഷം 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രീകരണം പൂർത്തീകരിച്ച് ചിത്രത്തിന്റെ പകർപ്പ് പഞ്ചായത്തിനു നൽകേണ്ടതാണ്. എന്നാൽ നാളിതുവരെ ചിത്രത്തിന്റെ പകർപ്പ് പഞ്ചായത്തിനു നൽകിയിട്ടില്ല. ഇത് കരാർ ലംഘനവും പ്രോജക്ടിന്റെ പരാജയവുമാണ് കാണിക്കുന്നത്. പ്രോജക്ട് പൂർത്തീകരണത്തിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 അഗതി-ആശ്രയ പദ്ധതി നടത്തിപ്പ് അപാകതകൾ

ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ അഗതി-ആശ്രയ പുനരുദ്ധാരണ പദ്ധതി ഒന്നാം ഘട്ടം (2004/07) പ്രകാരം 14 കുടുംബങ്ങളും രണ്ടാം ഘട്ടം (2014/17) പ്രകാരം 21 കുടുംബങ്ങളും ആണ് ഗുണഭോക്താക്കൾ ആയി ഉള്ളത്.ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി 2005ൽ ലഭിച്ച 50000/-രൂപ CDSന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഇതിൽനിന്നും 37500/- രൂപ ചെലവഴിക്കുകയുമുണ്ടായി. തുടർന്ന് രണ്ടാം ഘട്ടത്തിലെ പദ്ധതികൾക്കായി 2014-15, 2015-16 വർഷങ്ങളിൽ ലഭിച്ച ഓരോ ലക്ഷം രൂപ വീതം CDSന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയുമുണ്ടായി. ഈ തുകകൾ 2015-16 വരെ അഗതികളുടെ ക്ഷേമത്തിനായി ചെലവഴിക്കാതെ 2016-17ൽ ഭവന പുനരുദ്ധാരണത്തിനായി 2പേർക്ക് 50000/-രൂപയും കക്കൂസ് നിർമ്മാണത്തിന് ഒരാൾക്ക് 15400/-രൂപയും നൽകുകയുണ്ടായി. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നാളിതുവരെ ആനുകൂല്യം നൽകിയത് ഒന്നാംഘട്ട ഗുണഭോക്താക്കൾക്കു മാത്രമാണ്.
2. ഒന്നാംഘട്ട ഗുണഭോക്താക്കൾക്കു ലഭിച്ച 50000/- രൂപയിൽ ചെലവഴിച്ച 37500/- രൂപ കിഴിച്ച് ബാക്കി 12500/- രൂപ മാത്രമാണ് ഇവരുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുവാൻ മിച്ചം ഉള്ളതെന്നിരിക്കേ രണ്ടാം ഘട്ടത്തിൽ ലഭിച്ച തുക കൂടി ഇവരുടെ ക്ഷേമത്തിനായി ചെലവഴിച്ചിട്ടുണ്ട്.
3. മാനസികമായും ശാരീരികമായും മറ്റും അവശതയനുഭവിക്കുന്ന അഗതി കുടുംബത്തിലെ അംഗങ്ങളെ അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ ഇല്ലാതാക്കുന്നതിനുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവ്വഹണം, മേൽനോട്ടം തുടങ്ങിയവ അയൽക്കൂട്ടങ്ങളുടെ ചുമതലയിലായിരിക്കണം എന്നുണ്ടെങ്കിലും CDSന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നതായി കാണുന്നില്ല. പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം നൽകുക മാത്രമാണ് CDS ചെയ്തിട്ടുള്ളത്. പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-4 ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ചതുമൂലം അധിക ചെലവ്.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് വേലകളിൽ ഗ്രാവൽ എർത്ത് ഫില്ലിംഗ് ഉൾപ്പെടുന്ന ഇനങ്ങളിൽ ഗ്രാവലിന് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ചതുമൂലം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു. എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 13.22014ലെ സർക്കുലർ നമ്പർ DB3/6512/2013/ CE/LSGD പ്രകാരം മരാമത്ത് വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് DSR അടിസ്ഥാന പ്പെടുത്തിയായിരുന്നു. DSRൽ ഇല്ലാത്ത ഇനങ്ങൾക്ക് മാത്രമേ നിരീക്ഷിത ഡേറ്റ തയ്യാറാക്കേണ്ടതുള്ളൂ. DSR വാല്യം I ഇനം 2.2.1നോടൊപ്പം ഇനം 1.1.2 പ്രകാരമുള്ള ക്യാര്യേജ് കൂടെ ഉൾപ്പെടുത്തി

കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിച്ചാണ് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി കമ്പോള വിലയുടെ അടിസ്ഥാനത്തിലാണ് ഇവിടെ നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ഇപ്രകാരമാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. അനുവദിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | 2014-15ലെ നിരക്ക് ഘനമീറ്ററിന് | 2015-16ലെ നിരക്ക് | |
|---|---|---|---|
| | | ഗുണഭോക്തൃ സമിതിക്ക് | കരാർ വേലകൾക്ക് |
| സാധാരണ ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് | 1303.55 | 1556.40 | -- |
| ഗ്രാവലി കട്ടിംഗ്സ് ഉപയോഗിച്ചുള്ള ഫില്ലിംഗ് | -- | 1314.00 | 1511.10 |
| ബ്ലൈന്റിംഗ് മെറ്റീരിയലായുപയോഗിക്കുന്ന നല്ലയിനം ഗ്രാവലിന് | -- | 1237.16 | 1422.73 |

മെറ്റീരിയലായുപയോഗിക്കുന്ന നല്ലയിനം ഗ്രാവലിന് അനുവദിച്ചിട്ടുള്ളതിലും ഉയർന്ന നിരക്കാണ് ഫില്ലിംഗിനുള്ള ഗ്രാവലിനും ഗ്രാവലി കട്ടിംഗ്സിനും നൽകിയിട്ടുള്ളത്. ഗ്രാവൽ സോഴ്സിൽ നിന്നും, ഈ പഞ്ചായത്തിൽനിന്നും വളരെ ദൂരെയുള്ള മറ്റ് പഞ്ചായത്തുകളിൽ ഇതിലും കുറഞ്ഞ നിരക്കാണ് നൽകിയിട്ടുള്ളത് എന്നത് ശ്രദ്ധേയമാണ്.

ഡി.എസ്.ആർ പ്രകാരം റോളർ ഉപയോഗിച്ചുള്ള ഫില്ലിംഗിന് അനുവദനീയമായ പരമാവധി നിരക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡി.എസ്.ആർ 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക്<br>(ലേബർ, റോളർ ചാർജ്ജ്, വാട്ടർ ചാർജ്ജ് കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെ) | 383.09 | |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38km) കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെ) | 449.51 | |
| 1% വാട്ടർ ചാർജ്ജ് | 4.495 | |
| ആകെ | 837.10 | |
| കോസ്റ്റ് ഇൻഡക്സ് സഹിതം കരാറുകാർക്ക് അനുവദനീയമായ നിരക്ക് | 14-15 | 837.10 x 1.38 = 1155.2 |
| | 15-16 | 837.10x1.457 = 1219.74 |
| കോസ്റ്റ് ഇൻഡക്സ് സഹിതം ഗുണഭോക്തൃ സമിതിക്ക് അനുവദനീയമായ നിരക്ക് | 14-15 | 1004.52 |
| | 15-16 | 1060.64 |

മേൽ സൂചിപ്പിച്ച വിധം അധിക നിരക്ക് അനുവദിച്ച പ്രവർത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര്, | കൺവീനർ | അളവ് പുസ്തകം, | ചെയ്ത വേല | അനുവദനീയമായ | അനുവദിച്ച | അധികം | ബിൽ നമ്പർ | ആകെ മൂല്യം |
|---|---|---|---|---|---|---|---|---|---|

| | പ്രോജക്ട് നമ്പർ | | ഇനം | യുടെ അളവ്. $m^3$ | നിരക്ക് | നിരക്ക് $m^3$ | | | |
|---|---|---|---|---|---|---|---|---|---|
| 1 | പടവ്പുര-പുത്തൻചിറ റോഡ്, 99/16 | രാജു, കുനൻചിറ | സാധാരണ ഗ്രാവൽ, 9/15-16 | 28.10 | 1060.64 | 1657.40 | 596.76/$m^3$ x 28.1 = 16769 | 6/15-16/ 30.9.15 | 49368 |
| 2 | മാധവമന്ദിരം വരെ വഴി 67/16 | മാധവകുമാർ | 24/16 ഗ്രാവൽ കട്ടിംഗ്സ് | 36.10 | 1060.64 | 1314.00 | 253.36/$m^3$ x 36.1 = 9146 | 18/15-16/ 31.10.15 | 27985 |
| 3 | | | ഉഡ് എർത്ത് | 19$m^3$ | 1060.64/$m^3$ | 1556.4 | @495.76/$m^3$ 9419 | 26/15-16/ 28.11.15 | 53642 |
| 4. | മുണ്ടക്കൽ വടക്കോട്ട് വഴി യ85/16 | ശശികുമാർ | 4/16 ഗ്രാവൽ | 79.9 | 1060.64 | 1657.4 | @596.76 47681 | 7/15-16, 30.9.15 | 199270 |
| | | | ഉഡ് എർത്ത് | 35.73 | 1060.64 | 1556.4 | @495.76 17714 | 7/15-16, 30.09.15 | 199270 |
| 5 | പള്ളിക്കുട്ടമ്മ-ചക്കുളത്ത് വഴി 64/16 | കെ.വി.ജോർജ്ജ് | 13/16 ഉഡ് ഗ്രാവൽ | 36.17 | 1060.64 | 1556.4 | @495.76 17932 | 8/15-16/ 30.9.15 | 74423 |
| 6 | ആറ്റുകടവ് ജെട്ടി -മില്ല് നടപ്പാത 72/16 | ഗോപകുമാർ | കട്ട് ഗ്രാവൽ | 25$m^3$ | 1060.64 | 1878.81 | @818.17 20454 | 9/15-16/ 13.10.15 | 49789 |
| 7 | ശിവസദനം–കണ്ണാട്ട് വഴി115/16 | ശ്യാം.കെ.പി | 22/16 ഗ്രാവൽ | 35.4 | 1060.64 | 1303.55 | @ 242.91 8600 | 10/15, 13.10.15 | 48923 |
| 8 | ചിറയിൽ -നാല്പചിറ വഴി 53/16 | നാരായണൻ | 26/16 ഗ്രാവൽ | 20.88 | 1060.64 | 1314 | @ 253.36 5290 | 17/15-16/ 31.10.15 | 38994 |
| | | | ഉഡ് എർത്ത് | 6$m^3$ | 1060.64 | 1556.4 | @495.76 2975 | -ടി- | |
| 9 | അമേരിക്ക ഷാപ്പ്-അംഗൻവാടി വഴി 116/16 | ടോമി | 41/16 ഗ്രാവൽ | 57.21 | 1060.64 | 1303.55 | @ 242.91 13897 | 38/15-16/ 21.1.16 | 79051 |
| 10 | തെക്കേക്കര പള്ളിപ്പാലം-തെക്കോട്ട് വഴി 32/16 | സണ്ണി തോമസ് | 27/16 ഗ്രാവൽ | 43.5 | 1060.64 | 1556.4 | @495.76 21566 | 33/15-16/ 19.12.15 | 299277 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | വൈകുണ്ഠം - വേലമ്പറമ്പ് വഴി 101/16 | രാജേഷ് | 32/16 ഗ്ഗഡ് എർത്ത് | 35.94 | 1060.64 | @253.36 1314 | 9106 | 32/15-16/ 19.12.15 | 50000 |
| 12 | 50ൽചിറ റേഷൻകട-തെക്കോട്ട് വഴി | ജോസഫ്ചാക്കോ | 28/16 ഗ്ഗഡ് എർത്ത് | 84.31 | 1060.64 | @253.36 1314 | 21361 | 27/15-16/ 19.12.15 | 210543 |
| 13 | 110 മുതൽ തുണ്ടിയിൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ 146/16 | രവീന്ദ്രൻ | 64/16 എർത്ത് | $20m^3$ | 1060.64 | @253.36 1314 | 5067 | 60/15-16/ 19.3.16 | 223247 |
| 14 | കളീക്കൽ പാലം പുതുശ്ശേരി വഴി 81/16 | ലതാബിജു | 48/16 ഗ്ഗഡ് എർത്ത് | 27.7 | 1060.64 | @253.36 1314 | 7018 | 41/15-16/ 19.12.15 | 38609 |
| | ആകെ | | | | | | 233995 | | |

ഇത് സംബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിലിൽ വള്ളത്തിൽ ഗ്രാവൽ കയറ്റി ഇറക്കേണ്ടതുള്ളതിനാലാണ് പ്രസ്തുത നിരക്ക് അനുവദിച്ചിട്ടുള്ളതെന്നും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർണ്ണയിച്ച് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഏഴാം വാർഡിൽ മാത്രമേ ഇത്തരത്തിൽ വള്ളത്തിന്റെ സഹായത്താൽ കയറ്റിറക്ക് ആവശ്യമായി വരുന്നുള്ളൂ. എന്നതിനാൽ മേൽ സൂചിപ്പിച്ചതിന് വിരുദ്ധമായി നിരക്ക് നിർണ്ണയിച്ചതു മൂലം ആകെ അധികം നൽകിയ 2,33,995/- രൂപ നഷ്ടോത്തരവാദിയായ ഉയർന്ന നിരക്ക് നിർണ്ണയിച്ച നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 മൂല്യ നിർണ്ണയത്തിലെ പിശക് മൂലം അധിക ചെലവ്.

പ്രോജക്ട് നമ്പർ – 116/15,

അളവ് പുസ്തകം – 70/16

കൺവീനർ – ശ്രീ. ഹരികുമാർ. ആർ

112-ാം നമ്പർ അംഗൻവാടിയ്ക്ക് ചുറ്റുമതിൽ എന്ന വേലയുടെ അഞ്ചാമിനമായി അളവ് പുസ്തകം പുറം 7 പ്രകാരം centering and shuttering including strutting etc. എന്ന ഇനം $7.8m^2$ ചെയ്തിട്ടുണ്ട്. എന്നാൽ പുറം 24 പ്രകാരം മൂല്യ നിർണ്ണയം നടത്തിയപ്പോൾ ഈയിനം $17.47m^2$ എന്ന് രേഖപ്പെടുത്തി $223.65/m^2$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. അധികം നൽകിയ ($17.47 - 7.8 = 9.67m^2 x 223.65/m^2$), 2163/- രൂപ നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8ന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബിൽ നമ്പർ – 87/15-16/ 31.3.16 - 219233/- രൂപ

## 3-6 ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന മരാമത്ത് വേലകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് വേലകൾ പലതും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നില്ല. ഗുണഭോക്തൃ സമിതികളുമായി എഗ്രിമെന്റിൽ ഏർപ്പെടുമ്പോൾ പ്രവർത്തി പൂർത്തീകരിക്കേണ്ട കാലയളവ് പ്രത്യേകം പറയുകയോ ഷെഡ്യൂളിനോടൊപ്പം പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. തന്മൂലം പല പ്രവർത്തികളുടേയും പൂർത്തീകരണത്തിന് വളരെയധികം കാലതാമസം ഉണ്ടാവുകയും പദ്ധതികളുടെ ഗുണഫലം പൊതുജനങ്ങൾക്ക് യഥാസമയം അനുഭവ വേദ്യമാകുവാൻ സാധിക്കാതെയും വരുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(1) 112-നമ്പർ അംഗനവാടിക്ക് ചുറ്റുമതിൽ നിർമ്മാണം

പ്രോജക്റ്റ് നമ്പർ – 116/15,
അളവ് പുസ്തകം – 70/16

കൺവീനർ – ശ്രീ. ഹരികുമാർ.ആർ

എഗ്രിമെന്റ് നമ്പർ – 40/14-15/AE/LSGD/28.1.15

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തിയതി – 31.3.2015

വേല പൂർത്തിയാക്കിയ തിയതി – 29.3.2016

(2) 503 സൊസൈറ്റി മുതൽ കിഴക്കോട്ട് വേണാട് വരെ വഴി പുനരുദ്ധാരണം.

പ്രോജക്റ്റ് നമ്പർ – 113/15,
അളവ് പുസ്തകം – 47/16

കൺവീനർ – ശ്രീ. രമണൻ, കിഴക്കേവേണാട്

എഗ്രിമെന്റ് നമ്പർ – 64/14-15/AE/LSGD/12.3.15

എഗ്രിമെന്റ് പ്രകാരം വേല പൂർത്തിയാക്കേണ്ട തിയതി – 31.03.2015

വേല പൂർത്തിയാക്കിയ തിയതി – 26.11.2015

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ പി.സി.സി ചെയ്യുന്ന വേലകൾക്ക് സെന്ററിംഗ് ആന്റ് ഷട്ടറിംഗ് അനുവദിച്ചതുമൂലം അധികചെലവ്.

പ്രോജക്റ്റ് നമ്പർ – 134/16,
അളവ് പുസ്തകം – 68/16

കൺവീനർ – ശ്രീ. രാജശേഖരൻ പിള്ള
ബിൽ നമ്പർ – 85/15-16/ 31.3.16 - 140743

1. ചമ്പക്കുളം ഗവ. എൽ.പി.എസ്- ശുചിത്വ സൗകര്യം നവീകരണം.

   ഈ വേലയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 1.44m$^3$ ചെയ്തിട്ടുണ്ട്. രണ്ടാമിനമായി 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ, താഴെ പറയുന്ന അളവിൽ 3.6m$^2$ (2x2x3.6x0.2 = 2.86, 2x3x0.6x0.2 = 0.72, ആകെ 3.6m$^2$) പി.സി.സി ചെയ്തതിന് എട്ടാമിനമായി സെന്ററിംഗ് ആന്റ് ഷട്ടറിംഗ് അനുവദിച്ചിട്ടുണ്ട്. ആയതിന് പുറം 32 പ്രകാരം 286.25/m$^2$ നിരക്കിൽ മൂല്യ നിർണ്ണയം

നടത്തിയിട്ടുണ്ട്. 1:4:8 അനുപാതത്തിൽ പി.സി.സി ചെയ്യുന്ന വേലകൾക്ക് സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ആവശ്യമില്ലാത്തതും അപ്രായോഗികവുമാണെന്നിരിക്കെ ഈയിനത്തിന് ചെലവഴിച്ച 1031/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൂസ് സോയിൽ ആയതിനാൽ സൈഡ് കുത്തനെ നിർത്തുവാൻ സാധിക്കുകയില്ലാത്തതിനാലാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്ന് പറയുന്നു. എന്നാൽ എസ്കവേഷൻ നടത്തിയിട്ടുള്ളത് സ്ലോപ്പായിട്ടല്ലാത്തതിനാലും കുത്തനെയാണ് ചെയ്തിട്ടുള്ളതെന്നതിനാലും സ്ലോപ്പായിട്ട് ചെയ്താൽ പോലും പി.സി.സി ചെയ്യുന്ന ഭാഗത്ത് വീതിയിൽ വ്യത്യാസമുണ്ടാവില്ലെന്നതിനാൽ ഫോം വർക്ക് ആവശ്യമില്ലാത്തതാണ്. ആയതിനാൽ ഈ വാദഗതി അംഗീകരിക്കാവുന്നതല്ല.

2. 41- നമ്പർ അംഗനവാടി കെട്ടിടത്തിന് അനുബന്ധ സൗകര്യം മെച്ചപ്പെടുത്തൽ

പ്രോജക്ട് നമ്പർ – 141/16, അളവ് പുസ്തകം – 141/16

കൺവീനർ – ശ്രീ.ശ്യാംകുമാർ

ബിൽ നമ്പർ – 79/15-16/31.3.2016 - 290898/-

ബിൽ നമ്പർ – 78/15-16/31.3.16 - 207038/-

ഈ വേലയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 18x1.10x0.15+2.97$m^3$ ചെയ്തിട്ടുണ്ട്. രണ്ടാമിനമായി 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ പി.സി.സി ചെയ്തതിന് എട്ടാമിനമായി 2x18x0.15 = 5.4$m^2$ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് അനുവദിച്ചിട്ടുണ്ട്. ആയതിന് പുറം 48 പ്രകാരം 483.98/$m^2$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഈയിനം വേല അപ്രായോഗികമാണെന്നിരിക്കെ ഈയതിന് അനുവദിച്ച 2613/-രൂപ (5.4x483.98/$m^2$), നഷ്ടോത്തര വാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. അംഗൻവാടി 112 അനുബന്ധ സൗകര്യം മെച്ചപ്പെടുത്തൽ.

പ്രോജക്ട് നമ്പർ – 137/16, അളവ് പുസ്തകം – 35/16

കൺവീനർ – ശ്രീ. മധുസൂദനൻ

ബിൽ നമ്പർ – 77/15-16/31.3.2016, 226521/-

ഈ വേലയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 2x5.2x1.2x0.2 =2.40$m^3$, 2x3.9x1.20.2 = 1.87$m^3$, ആകെ 4.36$m^3$ ചെയ്തിട്ടുണ്ട്. രണ്ടാമിനമായി 40mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ച് 1:4:8 അനുപാതത്തിൽ പി.സി.സി ചെയ്തതിന് എട്ടാമിനമായി 2x2x5.2x0.2=4.16$m^2$, 2x2x3.4x0.2=3.12$m^2$ ആകെ 7.28$m^2$ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് അനുവദിച്ചിട്ടുണ്ട്. ആയതിന് പുറം 18 പ്രകാരം 483.98/m2 നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. ഈയിനം വേല അപ്രായോഗികമാണെന്നിരിക്കെ ഈയതിന് അനുവദിച്ച 3523/-രൂപ (7.28x483.98/$m^2$), നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

ആസ്തി രജിസ്റ്റർ, വസ്തു നികതി ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 87000 | ശാരീരിക മാനസീക വെല്ലുവിളി-സ്കോളർഷിപ്പ് | 87000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 347000 | അംഗനവാടി പോഷകാഹാര പരിപാടി | 347000 | -- |
| കേന്ദ്ര വിഹിതം | 2015-16 | 159525 | പോഷകാഹാര പരിപാടി | 159525 | -- |
| ശുചിത്വ മിഷൻ | 2015-16 | 326045 | ബയോഗ്യാസ് | 228404 | 97641 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ (സാ) നം. 747/2010 ത.സ്വ.ഭ.വ, 05.3.2010 | 6195000 | 620250 | 620250 | 47687 | 00 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16,384/- രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 1999-2000 | 40 | 4469 | ജോളിപോൾ | 11501101119/14.10.15 |
| 2003-04 | 3-1 | 406 | ജോളിപോൾ | 11501101119/14.10.15 |

| | | | | |
|---|---|---|---|---|
| | 3-2 | 2431 | ജോളിപോൾ | 11501101119/14.10.15 |
| | 3-11 | 8328 | ജോളിപോൾ | 11501101120/14.10.15 |
| 2004-05 | 3-1 | 750 | ജോളിപോൾ | 11501101120/14.10.15 |
| ആകെ | | 16384 | | |

### 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28374816 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34923530 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 280809 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 65000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 37484 | ഗിരിജാ ദേവി. എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-4 | | 233995 | ജയശങ്കർ.ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 2163 | ദേവി രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(1) | | 1031 | ദേവി രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(2) | | 2613 | ദേവി രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7(3) | | 3523 | ദേവി രാമചന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 280809 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-2 | 65,000 | ടി.എസ്.എസ്. നാഗരാജ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗിരിജാദേവി.എസ്<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | തെക്കേ പറാലിൽ ഹൗസ്<br>നോർത്ത് ആര്യാട് പി.ഓ<br>ആലപ്പുഴ. |
| ജയശങ്കർ.ജെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>പത്തനംതിട്ട മുനിസിപ്പാലിറ്റി | ഊട്ടുക്കുഴി<br>ജനറൽ പോസ്റ്റ് ഓഫീസ്<br>തിരുവനന്തപുരം<br>695001. |
| ദേവി രാമചന്ദ്രൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ<br>ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | മൈത്രി 4(A)<br>ഭഗത്സിംഗ് റോഡ്<br>പേട്ട. പി.ഓ<br>തിരുവനന്തപുരം |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 199-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |

| | |
|---|---|
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 2008-09 & 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.5.14 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 / 04.07.14/05.09.14 |
| 2012-13 | എൽ.എഫ്.എ.പി 1/130/15/ 21.4.2015/08.06.15 |
| 2013-14 & 2014-15 | കെ.എസ്.എ-എ.എൽ.പി-പി1-1472/15/25.11.15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി1-27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ.

ഫോൺ – 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 16.01.2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *ചമ്പക്കുളം* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *ചമ്പക്കുളം* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P1-27/17

Kerala State Audit Department,

District Audit Office,

Alappuzha.

Ph: 0477 2252753

E-mail – ddhglfalpy@gmail.com

Date: 16.01.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of *Chambakkulam* Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Chambakkulam* Gramapanchayat for the year 2015-16 except the observations in my audit report Part 4-1, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha